"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്മനം, തിരുവാർപ്പ്, കുമരകം, ആർപ്പൂക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലെ കോൺക്രീറ്റ്, ടാറിംഗ് പ്രവൃത്തികൾ - ഗ്രാവൽ മണ്ണ് - പൊതു മരാമത്ത് വകുപ്പ് നിരക്ക് ബാധകമാക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2897/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/12/2019

---

പരാമർശം:- 1 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.10.2019-ലെ DB3 - 753/2013/CE/തസ്വഭവ നമ്പർ കത്ത്

2 പി.ഡബ്ല്യൂ.ഡി റോഡ് വിഭാഗം ചീഫ് എഞ്ചിനീയറുടെ 01.03.2019-ലെ CE/R&B)KTM/2016/2603/ Price നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.10.2019-ൽ കൂടിയ യോഗത്തിന്റെ 3.3 (പൊതുവിഷയം) നമ്പർ തീരുമാനം.

**ഉത്തരവ്**

1. അപ്പർ കുട്ടനാട് പ്രദേശങ്ങളായ അയ്മനം, തിരുവാർപ്പ്, കുമരകം, ആർപ്പൂക്കര, എന്നീ ഗ്രാമപഞ്ചായത്തുകളിലെ കോൺക്രീറ്റ്, ടാറിംഗ് പ്രവൃത്തികൾ നടത്തുന്നതിന് നിലവിലെ ഗ്രാവൽ മണ്ണിന്റെ നിരക്ക് കുറവായതിനാൽ ബുദ്ധിമുട്ടുണ്ടെന്നും അയ്മനം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പൊതു മരാമത്ത് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഗ്രാവൽ മണ്ണിന് എം.ക്യൂബിന് 400/- രൂപയും 40 കിലോമീറ്റർ വരെ യഥാർത്ഥ കൺവേയൻസും പി.ഡബ്ല്യൂ. ഡി റോഡ് വിഭാഗം ചീഫ് എഞ്ചിനീയറുടെ പരാമർശം (2) കത്തു പ്രകാരം അനുവദിച്ചിട്ടുണ്ടെന്നും ഈ നിരക്ക് മുകളിൽ പറഞ്ഞ പഞ്ചായത്തുകൾക്കും ബാധകമാക്കാവുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (1) കത്തു പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2. പരാമർശം (3) യോഗം ഇക്കാര്യം വിശദമായി പരിശോധിക്കുകയും അയ്മനം, തിരുവാർപ്പ്, കുമരകം, ആർപ്പൂക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലെ കോൺക്രീറ്റ്, ടാറിംഗ് പ്രവൃത്തികൾക്കും പൊതു മരാമത്ത് വകുപ്പ് മുഖാന്തിരം

നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഗ്രാവൽ മണ്ണിന് മേൽ പ്രകാരം അനുവദിച്ചിട്ടുള്ള നിരക്ക് ബാധകമാക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

3.പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപ്പർ കുട്ടനാട് പ്രദേശങ്ങളായ അയ്മനം, തിരുവാർപ്പ്, കുമരകം, ആർപ്പൂക്കര, എന്നീ ഗ്രാമപഞ്ചായത്തുകളിലെ കോൺക്രീറ്റ്, ടാറിംഗ് പ്രവൃത്തികൾക്കും പൊതു മരാമത്ത് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഗ്രാവൽ മണ്ണിന് മേൽ പ്രകാരം അനുവദിച്ചിട്ടുള്ള നിരക്ക് ബാധകമാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ധനകാര്യ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (1383232)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ